**കേരള സർക്കാർ**

നമ്പർ. ബി2–2507/08.

പഞ്ചായത്ത് ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തിയതി: 28.03.2008

**<u>സർക്കുലർ</u>**

വിഷയം:– വിദേശ പൗരത്വമുള്ള ഹിന്ദുക്കളുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നത്–സംബന്ധിച്ച്.

ശ്രീമതി. വിനയ നായർ കൊച്ചി നഗരസഭയ്ക്കെതിരായി സമർപ്പിച്ച ഡബ്ളിയു.പി(സി) 22189/2005 നംപർ കേസിൽ ബഹു: ഹൈക്കോടതി 2006 ഫെബ്രുവരി 27ന് പുറപ്പെടുവിച്ച വിധിപ്രകാരം, വിവാഹത്തിലെ രണ്ടു കക്ഷികളും ഹിന്ദുക്കളാവുകയും, 1955–ലെ ഹിന്ദു വിവാഹ ആക്ടിന്റെ സെക്ഷൻ (5) ലെ വ്യവസ്ഥകൾ പാലിക്കപ്പെടുകയും, വിവാഹം ഹിന്ദു ആചാരപ്രകാരം നടത്തപ്പെടുന്നതുമാകയാൽ സെക്ഷൻ 2(1) പ്രകാരമുള്ള dominle ആയിരിക്കണമെന്ന വ്യവസ്ഥ ബാധകമായകുന്നില്ലായെന്നും അത്തരം കേസുകളിൽ ഹിന്ദു വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങളനുസരിച്ച് വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ 19.12.2007–ലെ 52575/ആർ.സി.3/2007/തസ്വഭവ നമ്പർ കത്ത് പ്രകാരം 1955–ലെ ഹിന്ദു വിവാഹ ആക്ടിന്റെ 5–ാം വകുപ്പ് പ്രകാരം ആക്ട് ബാധകമായിട്ടുള്ള പ്രദേശത്തു വച്ച് രണ്ടു ഹിന്ദുക്കൾ തമ്മിൽ ഹിന്ദുമതാചാരപ്രകാരം നടത്തുന്നതുമായ എല്ലാ വിവാഹങ്ങളും പ്രസ്തുത ആക്ടിനു കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള 1957 ലെ കേരള ഹിന്ദു രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ രണ്ടു ഹിന്ദുക്കൾ തമ്മിൽ ഹൈന്ദവാചാര പ്രകാരം 1955 ലെ ഹിന്ദു വിവാഹ ആക്ടിന്റെ സെക്ഷൻ (5) ലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് നടത്തുന്ന വിവാഹം പൗരത്വം പരിഗണിക്കാതെതന്നെ 1957–ലെ കേരള ജനന–മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ അനുസരിച്ച് രജിസ്റ്റർ ചെയ്യാവുന്നതാണ് എന്ന് വ്യക്തമാക്കുന്നു.

**വിവാഹ രജിസ്ട്രാർ ജനറൽ**

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ നഗരസഭ/കോർപ്പറേഷൻ സെക്രട്ടറിമാർക്കും } പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന
എല്ലാ ജില്ലാ വിവാഹ രജിസ്ട്രാർമാർക്കും

പകർപ്പ്: അർബൻ അഫയേഴ്സ് ഡയറക്ടർക്ക്
എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഐ.കെ.എം., 'സേവന സോഫ്റ്റ്‌വെയറിൽ' ഉൾപ്പെടുത്തുന്നതിന്.
പബ്ളിസിറ്റി ഓഫീസർക്ക്
കരുതൽ/അധികം